LIBRARY ARCHIVES Kerala Legislative Assembly

കാരായ്മ കുടിയാൻമാർക്ക് സൗകര്യാവകാശം

15 [1305] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ കാരായ്മ കുടിയാന്മാർക്ക് സൗകര്യാവകാശം നൽകുന്നതിനു വേണ്ടി ഭൂപരിഷ്ക്കരണ നിയമത്തിൽ സർക്കാർ ഭേദഗതി വരുത്തിയ നടപടി ഹൈക്കോടതി തടഞ്ഞതുമൂലം കാരായ്മ കുടിയാൻമാർക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കോടതിവിധിയുടെ പശ്ചാത്തലത്തിൽ കാരായ്മ കുടിയാൻമാരുടെ ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സമഗ്രമായ നിയമം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാരിന് അനന്തര നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

കാരായ്മ കുടിയാൻമാർക്ക് സൗകര്യാവകാശം നിഷേധിക്കപ്പെടുന്നതായ വിവരം

16 [1306] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരായ്മ കുടിയാൻമാർക്ക് സൗകര്യാവകാശം നിഷേധിക്കപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് അനുവദിച്ചു നല്കിയ സൗകര്യാവകാശം സംരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(സി) ഹൈക്കോടതി വിധി പുറപ്പെടുവിക്കുന്നതിനു മുൻപായി ലാന്റ് ട്രിബ്യൂണലുകളിൽ നിന്നും സൗകര്യാവകാശത്തിന് പട്ടയം ലഭിച്ച കാരായ്മ കുടിയാൻമാരിൽ നിന്നും ഭൂമി തിരിച്ചുപിടിക്കാൻ ഭൂവുടമകൾ നടപടി തുടങ്ങിയിട്ടുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ;